# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *83 — 30.11.2018- ൽ മറുപടിക്ക്

## സ്ത്രീ തൊഴിലാളികളുടെ അവകാശസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ<br>,, സി. ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.കെ. രാജൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിന്റെ ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും(ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 1556/ബി3/16/സാനീവ തീയതി 26.05.16 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്.<br>1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പ് വരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ബി) സ്ത്രീ തൊഴിലാളികളുടെ അന്തസ്സും സുരക്ഷിതത്വവും ഉറപ്പുവരുത്തി, ജോലിക്കിടയിൽ ഇരിക്കാൻ അവകാശം നൽകുന്ന നിയമഭേദഗതി നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഉണ്ട്. 04/10/2018 ഓർഡിനൻസ് നമ്പർ.50/2018 ആയി കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) രാത്രികാലങ്ങളിൽ ജോലി ചെയ്യേണ്ടിവരുന്ന സ്ത്രീകളുടെ സുരക്ഷക്ക് എന്താക്കെ നടപടികളാണ് ഉറപ്പ് വരുത്തിയിട്ടുള്ളതെന്നറിയിക്കാമോ; | (സി) 04/10/2018 ലെ ഓർഡിനൻസ് പ്രകാരം സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണി വരെ ജോലിക്ക് നിയോഗിക്കാവുന്നതാണ്. കൂടാതെ തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടു കൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്ന പക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം, സുരക്ഷ എന്നിവ തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്.<br>രാത്രികാലങ്ങളിൽ ഫാക്ടറികളിൽ ജോലി ചെയ്യേണ്ടിവരുന്ന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഫാക്ടറീസ് ആക്ട്, 1948 ലെ സെക്ഷൻ 66 കർശനമായി ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വൈകുന്നേരം 7 മണി മുതൽ രാത്രി 10 മണി വരെ കർശന വ്യവസ്ഥകളോടെ ജോലി ചെയ്യാൻ അനുവദിച്ചു വരുന്നുണ്ട്.<br>ഫാക്ടറികളിൽ രാത്രി 10 മണിയ്ക്ക് ശേഷം രാവിലെ 6 മണിവരെ സ്ത്രീ തൊഴിലാളികളെ ജോലി ചെയ്യുവാൻ അനുവദിക്കുന്നതല്ല. എന്നാൽ ഫാക്ടറീസ് ആക്ട് സെക്ഷൻ 66(2), കേരള ഫാക്ടറീസ് റൂൾ 111 പ്രകാരം 'fish curing or fish canning by freezing' ഫാക്ടറികളിലെ സ്ത്രീ തൊഴിലാളികളെ വ്യവസ്ഥകൾക്ക് വിധേയമായി രാത്രി 10 മണിയ്ക്ക് ശേഷം ജോലിക്ക് നിയോഗിച്ചു വരുന്നു. |
| (ഡി) തൊഴിലാളികളുടെ ഇത്തരത്തിലുള്ള അവകാശം സംരക്ഷിക്കാത്ത തൊഴിലുടമകൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) സ്വീകരിക്കും. സ്ഥാപന പരിശോധനാ വേളയിൽ നിയമപ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തി നൽകാത്ത തൊഴിലുടമയ്ക്ക് എതിരെ തൊഴിൽ നിയമ പ്രകാരമുള്ള പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ.